"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - കല്ലേറ്റുംകര സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും **Kerala State Rubber Co-operative Limited (RUBCO)** സ്വീകരിക്കുന്ന സ്ഥിരനിക്ഷേപത്തിനും അതിന്റെ പലിശയ്ക്കും സർക്കാർ ഗ്യാരന്റി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.**233/2025/Co-Op** തീയതി,തിരുവനന്തപുരം, **09-05-2025**

---

പരാമർശം:- **1. 30.11.2024** ലെ **RUBCO** ജനറൽ മാനേജരുടെ **RUB/A&P/NRG/L-4** നമ്പർ കത്ത്.

**2. 07.12.2024** ലെ സഹകരണ രജിസ്ട്രാറുടെ **RCS/11851/2024 MP(3)** നമ്പർ കത്ത്.

**ഉത്തരവ്**

കല്ലേറ്റുംകര സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും **RUBCO** സ്വീകരിക്കുന്ന സ്ഥിര നിക്ഷേപത്തിന് സർക്കാർ ഗ്യാരന്റി ലഭ്യമാക്കണമെന്ന് പരാമർശ **(1)** പ്രകാരം **RUBCO** മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

**2) RUBCO** യുടെ പുനരുദ്ധാരണത്തിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് **(IIMK)** നടത്തുന്ന സമഗ്ര പഠനം പൂർത്തിയായതിനുശേഷം മാത്രമേ **RUBCO** യുടെ പുനരുദ്ധാരണത്തിനുള്ള നടപടികൾ കഴിയുകയുള്ളു. ഇതിന് കുറച്ചുകൂടി സമയം ആവശ്യമായി വരുന്നതാണ്. നിലവിൽ പ്രവർത്തനമൂലധനത്തിന്റെ അഭാവത്തിൽ റബ്കോ ഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നതിനാൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഫർണിച്ചർ ഫാക്ടറിയും, കൊയർ മാട്രസ്സ് ഫാക്ടറിയും, അസംസ്കൃത വസ്തുക്കളുടെ അഭാവം മൂലം പ്രവർത്തനം നിലയ്ക്കുന്ന അവസ്ഥയിലാണ്. ഉടനടി ഈ പ്രതിസന്ധിക്ക് പരിഹാരം ഉണ്ടായില്ലെങ്കിൽ സ്ഥാപനത്തിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കും. ആയതിനാൽ റബ്കോ കല്ലേറ്റുംകര സർവ്വീസ് സഹകരണ ബാങ്കുമായി ചർച്ച ചെയ്തതിന്റെ ഫലമായി പ്രസ്തുത ബാങ്ക് **9.5** ശതമാനം വാർഷിക

പലിശ നിരക്കിൽ 20 കോടി രൂപ റബ്കോയിൽ സ്ഥിരനിക്ഷേപം നടത്താമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബാങ്ക് നൽകുന്ന സ്ഥിരനിക്ഷേപത്തിനും അതിന്റെ പലിശയ്ക്കും റബ്കോ സർക്കാരിൽ നിന്നും ഗ്യാരന്റി ലഭ്യമാക്കേണ്ടതുണ്ടെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഉൽപ്പാദനം വർദ്ധിപ്പിച്ച് വിപണനം ശക്തിപ്പെടുത്തി ബാങ്കിന് കൃത്യമായി പലിശ നൽകാനും പരമാവധി 5 വർഷം കൊണ്ട് നിക്ഷേപം ബാങ്കിന് തിരികെ നൽകാനും കഴിയുമെന്നാണ് റബ്കോ കണക്കാക്കുന്നത്. ആയതിനാൽ റബ്കോയുടെ ചരക്കു സേവന നികുതിയും പ്രോവിഡന്റ് ഫണ്ടും അടക്കമുള്ള സാമ്പത്തിക ബാദ്ധ്യതകൾ പരിഹരിക്കാൻ കല്ലേറ്റുംകര സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 9.5 ശതമാനം വാർഷിക പലിശ നിരക്കിൽ 20 കോടി രൂപ സ്ഥിര നിക്ഷേപം വാങ്ങുന്നതിന് റബ്കോയെ അനുവദിക്കുന്നതിനും പ്രസ്തുത നിക്ഷേപത്തിനും അതിന്റെ പലിശയ്ക്കും 5 വർഷക്കാലത്തേക്ക് സർക്കാർ ഗ്യാരന്റി നിൽക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടുള്ള RUBCO ഭരണ സമിതി തീരുമാനം സഹിതമുള്ള അപേക്ഷ പരാമർശം (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ലഭ്യമാക്കിയിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സഹകരണ നിയമത്തിലെ വകുപ്പ് 101 പ്രകാരമുള്ള സവിശേഷ അധികാരം ഉപയോഗിച്ച് RUBCO യുടെ സ്റ്റാറ്റ്യൂട്ടറി പേയ്മെന്റ് ബാധ്യതകൾ ഒഴിവാക്കുന്നതിനായി കല്ലേറ്റുംകര സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 9.5 ശതമാനം വാർഷിക പലിശ നിരക്കിൽ സ്വീകരിക്കുന്ന 20 കോടി രൂപയുടെ സ്ഥിര നിക്ഷേപത്തിനും അതിന്റെ പലിശയ്ക്കും ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 5 വർഷക്കാലത്തേക്ക് സർക്കാർ ഗ്യാരന്റി നൽകി ഉത്തരവാകുന്നു:-

1. ഗ്യാരണ്ടി ആക്റ്റ് പ്രകാരവും 16.10.2004 ലെ ജി.ഒ. (എം.എസ്) 487/04/ഫിൻ പ്രകാരവും 0.75% നിരക്കിൽ ഗ്യാരണ്ടി കമ്മീഷൻ തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.
2. 16.10.2004 ലെ സർക്കാർ ഉത്തരവിലെ നിബന്ധന 5 പ്രകാരം വൈകിയ അടവുകൾക്ക് 12% സാധാരണ പലിശ ഈടാക്കുന്നതാണ്.
3. പിഴപ്പലിശ ഉണ്ടെങ്കിൽ അതുൾപ്പെടെ ഗ്യാരണ്ടി കമ്മീഷൻ തുക അടച്ച ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 16/08/2007-ാം തിയതിയിലെ 66/2007-ധന നമ്പർ സർക്കുലർ പ്രകാരം

ഗ്യാരണ്ടി തുക, ബാക്കി നിൽക്കുന്ന തുക, ഗ്യാരണ്ടി കമ്മീഷൻ തുക എന്നിവയുടെ വിവരങ്ങൾ (വിശദമായ കണക്കുകൾ സഹിതം) ഉൾപ്പെടുത്തിയ അർദ്ധ വാർഷിക റിപ്പോർട്ട് ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

4. ഉടമ്പടി ഒപ്പു വയ്ക്കുന്നതിന് മുമ്പ് ബാക്കി അടയ്ക്കാനുള്ള ഗ്യാരണ്ടി കമ്മീഷൻ തുക മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

5. ഗ്യാരണ്ടി ആക്റ്റ് പ്രകാരം കമ്മീഷൻ ഒഴിവാക്കാൻ കഴിയാത്തതിനാൽ ഗ്യാരണ്ടി കമ്മീഷന്റെ കൃത്യമായ അടവ് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഗ്യാരണ്ടി കമ്മീഷൻ തുക അടച്ചതിന്റെ ത്രൈമാസ റിപ്പോർട്ട് മാനേജിംഗ് ഡയറക്ടർ മുടക്കം കൂടാതെ സമർപ്പിക്കേണ്ടതാണ്.

6. ഗ്യാരണ്ടി ഉടമ്പടിയിൽ സർക്കാർ ഉത്തരവിന്റെ നമ്പർ, സർക്കാർ ഗ്യാരണ്ടിയുടെ തീയതി, ഗ്യാരണ്ടി തുക, എത്ര വർഷത്തേയ്ക്കാണ് ഗ്യാരണ്ടി നൽകുന്നത്, 2022 ലെ കേരള ധനകാര്യ (2 ാം നമ്പർ) ആക്റ്റ് പ്രകാരം ഗവണ്മെന്റ് ഗാരണ്ടികളുടെ പരാമവധി പരിധി ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന മൊത്തം സർക്കാർ ഗാരണ്ടികൾ, മുൻവർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മൊത്തം റവന്യൂ വരുമാനത്തിന്റെ 100 ശതമാനമോ അല്ലെങ്കിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജിഎസ്ഡിപി) 10 ശതമാനമോ ഇതിൽ ഏതാണോ കുറവ്, അത് ആയിരിക്കേണ്ടതാണ്" എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതും, ഗ്യാരണ്ടി ഡീഡ് നിയമവകുപ്പ് വെറ്റ് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വീണ എൻ മാധവൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
പ്രിൻസിപ്പാൾ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, Kerala State Rubber Co-operative Limited (RUBCO)
പൊതുഭരണ (എസ്.സി) വകുപ്പ് (07.05.2025 ലെ ഇനം 2939 പ്രകാരം)
ധനകാര്യ (അഗ്രി സി) വകുപ്പ് . (11.04.2025 ലെ E:2887513/ Agri- C1/144/2024-FIN പ്രകാരം )
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര

പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Rajesh S
Date: 09-05-2025 16:44:08

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 07-05-2025**

ഫയൽ നം. ഡി1/65/2022/സഹ. ഇനം നം: 2939

വിഷയം : സഹകരണ വകുപ്പ് - കല്ലേറ്റുംകര സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും RUBCO സ്വീകരിക്കുന്ന സ്ഥിര നിക്ഷേപത്തിന് സർക്കാർ ഗ്യാരന്റി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്.

2939

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി1/65/2022/സഹ |
| 2 | വകുപ്പ് | : | സഹകരണ (ഡി) വകുപ്പ് |
| 3 | വിഷയം | : | സഹകരണ വകുപ്പ് – കല്ലേറ്റുംകര സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും RUBCO സ്വീകരിക്കുന്ന സ്ഥിര നിക്ഷേപത്തിന് സർക്കാർ ഗ്യാരന്റി നൽകുന്നത്– സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21.04.2025 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിക്കുന്ന അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. അജി ഫിലിപ്പ് |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ഡോ. വീണ എൻ. മാധവൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 30.04.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.05.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. വി. എൻ. വാസവൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 05.05.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 06.05.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കല്ലേറ്റുംകര സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും Kerala State Rubber Co-operative Limited (RUBCO) സ്വീകരിക്കുന്ന സ്ഥിര നിക്ഷേപത്തിന് സർക്കാർ ഗ്യാരന്റി നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2) RUBCO യുടെ പുനരുദ്ധാരണത്തിനുള്ള ഒരു സമഗ്ര പഠനം നടത്തുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് (IIMK) നെ നിലവിൽ ചുമതലപ്പെടുത്തിയിരിക്കുകയാണ്. പ്രസ്തുത പഠനം പൂർത്തിയായതിനുശേഷം മാത്രമേ RUBCO യുടെ പുനരുദ്ധാരണത്തിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് കഴിയുകയുള്ളൂ. ഇതിന് കുറച്ചുകൂടി സമയം ആവശ്യമായി വരുന്നതാണ്. നിലവിൽ പ്രവർത്തനമൂലധനത്തിന്റെ അഭാവത്തിൽ റബ്കോ ഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നതിനാൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഫർണിച്ചർ ഫാക്ടറിയും, കൊയർ മാട്രസ്സ് ഫാക്ടറിയും, അസംസ്കൃത വസ്തുക്കളുടെ അഭാവം മൂലം പ്രവർത്തനം നിലയ്ക്കുന്ന അവസ്ഥയിലാണ്. ഉടനടി ഈ പ്രതിസന്ധിക്ക് പരിഹാരം ഉണ്ടായില്ലെങ്കിൽ സ്ഥാപനത്തിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കും. ആയതിനാൽ റബ്കോ കല്ലേറ്റുംകര സർവ്വീസ് സഹകരണ ബാങ്കുമായി ചർച്ച ചെയ്തതിന്റെ ഫലമായി പ്രസ്തുത ബാങ്ക് 9.5 ശതമാനം വാർഷിക പലിശ നിരക്കിൽ 20 കോടി രൂപ റബ്കോയിൽ സ്ഥിരനിക്ഷേപം നടത്താമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബാങ്ക് നൽകുന്ന സ്ഥിരനിക്ഷേപത്തിനും അതിന്റെ പലിശയ്ക്കും റബ്കോ സർക്കാരിൽ നിന്നും ഗ്യാരന്റി ലഭ്യമാക്കേണ്ടതുണ്ടെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഉൽപ്പാദനം വർദ്ധിപ്പിച്ച് വിപണനം ശക്തിപ്പെടുത്തി ബാങ്കിന് കൃത്യമായി പലിശ നൽകാനും പരമാവധി 5 വർഷം കൊണ്ട് നിക്ഷേപം ബാങ്കിന് തിരികെ നൽകാനും കഴിയുമെന്നാണ് റബ്കോ കണക്കാക്കുന്നത്. ആയതിനാൽ റബ്കോയുടെ ചരക്ക് സേവന നികുതിയും പ്രോവിഡന്റ് ഫണ്ടും അടക്കമുള്ള സാമ്പത്തിക ബാദ്ധ്യതകൾ പരിഹരിക്കാൻ കല്ലേറ്റുംകര സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 9.5 ശതമാനം വാർഷിക പലിശ നിരക്കിൽ 20 കോടി രൂപ സ്ഥിര നിക്ഷേപം വാങ്ങുന്നതിന് റബ്കോയെ അനുവദിക്കുന്നതിനും പ്രസ്തുത നിക്ഷേപത്തിനും അതിന്റെ പലിശയ്ക്കും 5 വർഷക്കാലത്തേക്ക് സർക്കാർ ഗ്യാരന്റി നിൽക്കുന്നതിനും നടപടികൾ

സ്വീകരിക്കണമെന്ന് ബോർഡ് തീരുമാനപ്രകാരം റബ്കോ സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നത്.

3) തുടർന്ന് റബ്കോയുടെ സ്റ്റാറ്റ്യൂട്ടറി പേയ്മെന്റ് ബാധ്യതകൾ ഒഴിവാക്കുന്നതിനായി 20 കോടി രൂപ കല്ലേറ്റുംകര സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും സ്ഥിര നിക്ഷേപമായി സ്വീകരിക്കുന്ന തുകയ്ക്ക് സർക്കാർ ഗ്യാരന്റി നൽകുന്ന കാര്യത്തിൽ സഹകരണ വകുപ്പ് തലത്തിൽ തുടർ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കപ്പെടുകയുണ്ടായി.

4) കേരള സഹകരണ നിയമ പ്രകാരവും നിലവിലുള്ള മറ്റ് മാനദണ്ഡ പ്രകാരവും റബ്കോയ്ക്ക് മറ്റു ബാങ്കുകളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥയില്ലെങ്കിലും മുൻകാലങ്ങളിൽ സർക്കാരിന്റെ പ്രത്യേക അനുമതിയോടുകൂടി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ നിന്നും സ്ഥിരനിക്ഷേപം സ്വീകരിച്ചതായി കാണുന്നുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ കേരള സഹകരണ നിയമത്തിലെ വകുപ്പ് 101 പ്രകാരമുള്ള അധികാരമുപയോഗിച്ച് കൊണ്ട് ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ യുക്തമായ നടപടി സ്വീകരിക്കാവുന്നതാണെന്നും സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. കൂടാതെ 2022-23 ലെ കണക്കനുസരിച്ച് നിക്ഷേപത്തുകയും പലിശയുമടക്കം ഏകദേശം 322.41 കോടി രൂപ RUBCO തിരികെ നൽകേണ്ടതായിക്കാണുന്നുണ്ടെന്നും രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

"കേരള സഹകരണ നിയമത്തിലെ വകുപ്പ് 101 പ്രകാരമുള്ള സവിശേഷ അധികാരമുപയോഗിച്ച് (attached below) മുൻകാലങ്ങളിൽ ചെയ്ത മാതൃകയിൽ RUBCO യ്ക്ക് കല്ലേറ്റുകര സഹകരണ ബാങ്കിൽ നിന്നു സ്ഥിര നിക്ഷേപ തുക സ്വീകരിക്കുന്നതിനു സർക്കാർ ഗ്യാരന്റി അനുവദിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഭരണവകുപ്പിനെ അറിയിക്കുന്നു. സർക്കാർ ഗ്യാരന്റി അനുവദിക്കുമ്പോൾ ഉത്തരവിൽ ഉൾപ്പെടുത്തേണ്ട ഗ്യാരന്റി വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

1. ഗ്യാരണ്ടി ആക്റ്റ് പ്രകാരവും 16.10.2004 ലെ. ജി.ഒ. (എം.എസ്) 487/04/ഫിൻ പ്രകാരവും 0.75% നിരക്കിൽ ഗ്യാരണ്ടി കമ്മീഷൻ തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

2. 16.10.2004 ലെ സർക്കാർ ഉത്തരവിലെ നിബന്ധന 5 പ്രകാരം വൈകിയ അടവുകൾക്ക് 12% സാധാരണ പലിശ ഈടാക്കുന്നതാണ്.

3. പിഴപ്പലിശ ഉണ്ടെങ്കിൽ അതുൾപ്പെടെ ഗ്യാരണ്ടി കമ്മീഷൻ തുക അടച്ച ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 16/08/2007-ാം തിയതിയിലെ 66/2007-ധന നമ്പർ സർക്കുലർ പ്രകാരം ഗ്യാരണ്ടി തുക, ബാക്കി നിൽക്കുന്ന തുക, ഗ്യാരണ്ടി കമ്മീഷൻ തുക എന്നിവയുടെ വിവരങ്ങൾ (വിശദമായ കണക്കുകൾ സഹിതം) ഉൾപ്പെടുത്തിയ അർദ്ധ വാർഷിക റിപ്പോർട്ട് ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

4. ഉടമ്പടി ഒപ്പ് വയ്ക്കുന്നതിന് മുമ്പ് ബാക്കി അടയ്ക്കാനുള്ള ഗ്യാരണ്ടി കമ്മീഷൻ തുക മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

5. ഗ്യാരണ്ടി ആക്റ്റ് പ്രകാരം കമ്മീഷൻ ഒഴിവാക്കാൻ കഴിയാത്തതിനാൽ ഗ്യാരണ്ടി കമ്മീഷന്റെ കൃത്യമായ അടവ് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഗ്യാരണ്ടി കമ്മീഷൻ തുക അടച്ചതിന്റെ ത്രൈമാസ റിപ്പോർട്ട് മാനേജിംഗ് ഡയറക്ടർ മുടക്കം കൂടാതെ സമർപ്പിക്കേണ്ടതാണ്.

6. ഗ്യാരണ്ടി ഉടമ്പടിയിൽ സർക്കാർ ഉത്തരവിന്റെ നമ്പർ, സർക്കാർ ഗ്യാരണ്ടിയുടെ തീയതി, ഗ്യാരണ്ടി തുക, എത്ര വർഷത്തേയ്ക്കാണ് ഗ്യാരണ്ടി നൽകുന്നത്, 2022 ലെ കേരള ധനകാര്യ (2 ാം നമ്പർ) ആക്ട് പ്രകാരം ഗവണ്മെന്റ് ഗാരണ്ടികളുടെ പരാമവധി പരിധി ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന മൊത്തം സർക്കാർ ഗാരണ്ടികൾ, മുൻവർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മൊത്തം റവന്യൂ വരുമാനത്തിന്റെ 100 ശതമാനമോ അല്ലെങ്കിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജിഎസ്ഡിപി) 10 ശതമാനമോ ഇതിൽ ഏതാണോ കുറവ്, അത് ആയിരിക്കേണ്ടതാണ്" എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതും, ഗ്യാരണ്ടി ഡീഡ് നിയമവകുപ്പ് വെറ്റ് ചെയ്യേണ്ടതുമാണ്.

ഈ തീരുമാനത്തിന് ബഹു: മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്."

6) ഇക്കാര്യം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട സംഗതി

കേരള സഹകരണ നിയമത്തിലെ വകുപ്പ് 101 പ്രകാരമുള്ള സവിശേഷ അധികാരം ഉപയോഗിച്ച് RUBCO യുടെ സ്റ്റാറ്റ്യൂട്ടറി പേയ്മെന്റ് ബാധ്യതകൾ ഒഴിവാക്കുന്നതിനായി കല്ലേറ്റുംകര സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 9.5 ശതമാനം വാർഷിക പലിശ നിരക്കിൽ സ്വീകരിക്കുന്ന 20 കോടി രൂപയുടെ സ്ഥിര നിക്ഷേപത്തിനും അതിന്റെ പലിശയ്ക്കും ഖണ്ഡിക 5 ലെ ധനവകുപ്പ് നിർദ്ദേശിച്ച വ്യവസ്ഥകൾക്ക് വിധേയമായി 5 വർഷക്കാലത്തേക്ക് സർക്കാർ ഗ്യാരന്റി നൽകുന്നതിന് അംഗീകാരം നൽകാമോ ;